"ഭരണഭാഷ - മാതൃഭാഷ"

| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &<br>എഞ്ചിനീയറിംഗ് വിംഗ്<br>റവന്യൂ കോംപ്ലക്സ് മൂന്നാം നില<br>പബ്ലിക് ആഫീസ് ബിൽഡിംഗ്<br>തിരുവനന്തപുരം - 33 | ഫോൺ: 0471-2324951<br>0471-2325071<br>ടെലി ഫാക്സ് – 0471-2324951<br>ഇമെയിൽ -celsgd@gmail.com<br>വെബ് സൈറ്റ് www.celsgd.kerala.gov.in |

നം. E17/ 5555/2020/സിഇ/തസ്വഭവ

തീയതി : 03.05.2021

## സർക്കുലർ

വിഷയം : തസ്വഭവ – (LID & EW) - (CMLRRP)] – പ്രവൃത്തികളുടെ ബില്ലുകളിലെ ന്യൂനതകൾ - സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിൽ നിന്നുള്ള 10/12/2020, 28/12/2020 തീയതിയിലെ ഇതേ നം. സർക്കുലറുകൾ

CMLRRP യിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം ഈ കാര്യാലത്തിൽ നിന്നും സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പല ഓഫീസുകളിൽ നിന്നും സമർപ്പിക്കപ്പെടുന്ന ബില്ലുകളിൽ വിവിധ തരത്തിലുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയും ടി ന്യൂനതകൾ പരിഹരിക്കുന്നതിനായി ബില്ലുകൾ തിരിച്ചയയ്ക്കേണ്ടിവരുകയും ഇതു മൂലം തുക അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുകയും ചെയ്യുന്നു. ആതിനാൽ ബില്ലുകൾ സമർപ്പിക്കുമ്പോൾ **കരാറുകാരന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, പാൻകാർഡ് നം. ജി.എസ്.റ്റി രജിസ്ട്രഷൻ നം. എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതും ആയതിന്റെ പകർപ്പുകളും, Running Account Bill, റോഡിന്റെയും നെയിം ബോർഡിന്റെയും ഫോട്ടോ എന്നിവ വ്യക്തമായി കാണത്തക്കവിധം അപ് ലോഡ് ചെയ്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.** ഇത് സംബന്ധിച്ച് ഇനിയൊരു അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നും നൽകുന്നതല്ല. മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്നവർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ